# മുഹമ്മദ് നബിയും മനുഷ്യ വിമോചനവും

ജമാൽ മലപ്പുറം

**അല്ലാഹുവിന്റെ** ഗുണവിശേഷങ്ങളെ വിശുദ്ധ ഖുർആൻ പലയിടത്തായി പരിചയപ്പെടുത്തുന്നതിനിടയിൽ ഒരിടത്ത് ഇങ്ങനെ പറയുന്നുണ്ട്: 'നിന്റെ നാഥൻ അവനിഛിക്കുന്നത് സൃഷ്ടിക്കുകയും തെരഞ്ഞെടുക്കുകയും ചെയ്യുന്നു' (28:68). അല്ലാഹു ശൂന്യതയിൽനിന്ന് സൃഷ്ടിക്കുന്നവൻ മാത്രമല്ല, താൻ സൃഷ്ടിച്ചിട്ടുള്ളവയിൽനിന്ന് തെരഞ്ഞെടുക്കുന്നവൻ കൂടിയാകുന്നു എന്നർഥം. ജീവജാലങ്ങളിലും സ്ഥലകാലങ്ങളിലുമൊക്കെ അവൻ പല തെരഞ്ഞെടുപ്പുകളും നടത്തിയതായി കാണാം. അവയിലേറ്റവും ശ്രേഷ്ഠമായിട്ടുള്ളത് ഭൂമിയിലെ തന്റെ പ്രാതിനിധ്യത്തിനു വേണ്ടി ജീവജാലങ്ങളിൽനിന്ന് മനുഷ്യനെ തെരഞ്ഞെടുത്തതാണ്. മനുഷ്യരുടെ മാർഗദർശനത്തിനായി അവൻ പ്രവാചകന്മാരെയും തെരഞ്ഞെടുത്തു. അങ്ങനെ തെരഞ്ഞെടുക്കപ്പെട്ടവരിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടവനാണ്, 'മുസ്ത്വഫൽ അഖ്യാർ' ആണ് മുഹമ്മദ് (സ). 'സൃഷ്ടിശ്രേഷ്ഠൻ' (അശ്റഫുൽ ഹൽഖ്) എന്നദ്ദേഹത്തെ വിശേഷിപ്പിക്കുന്നതും അതുകൊണ്ടുതന്നെ. അദ്ദേഹം ഒരു മനുഷ്യനായിരുന്നുവെങ്കിലും സാധാരണ മനുഷ്യനായിരുന്നില്ല. ദൈവദൂതനായ മനുഷ്യൻ (ബശറൻ റസൂലൻ) ആയിരുന്നല്ലോ. വിശുദ്ധ ഖുർആൻ, തന്റെ പ്രവാചകത്വത്തിന്റെ പ്രാമാണികതക്കും സാധ്യതക്കുമുള്ള സാക്ഷ്യമായി അദ്ദേഹം കൊണ്ടുവന്ന ഏറ്റവും വലിയ അമാനുഷിക ദൃഷ്ടാന്തമായിരുന്നുവെങ്കിൽ അതിന്റെ വാഹകനും വ്യാഖ്യാതാവും പ്രബോധകനും പ്രയോക്താവുമായ അദ്ദേഹം തന്നെയും, ഒരു അമാനുഷിക ദൃഷ്ടാന്തമായിരുന്നു. ഡോ. ഹുസൈൻ മുഅ്നിസിന്റെ ഭാഷയിൽ 'ഒരമാനുഷിക ദൃഷ്ടാന്തം വഹിച്ചുവന്ന മറ്റൊരമാനുഷിക ദൃഷ്ടാന്തം.'

അത്തരത്തിൽ അമാനുഷിക ദൃഷ്ടാന്തവും സൃഷ്ടി ശ്രേഷ്ഠനുമായ ഒരു സമ്പൂർണവ്യക്തിത്വത്തെ സത്യസന്ധമായും നീതിപൂർവകമായും ആർക്ക് വിലയിരുത്താനാവും? അതിനാൽത്തന്നെ, അദ്ദേഹത്തിന്റെ ബഹുമുഖ ജീവിതത്തിലെ ഏതെങ്കിലും ഒരു വശത്തിന് വിശേഷാൽ ഊന്നൽ നൽകി, അദ്ദേഹം 'ഇന്ന'യാളായിരുന്നു എന്ന് പറയുന്നതിനെ പണ്ഡിതന്മാരിൽ വലിയൊരു പക്ഷം പിന്താങ്ങുന്നില്ല. മുഹമ്മദ്(സ) ആദ്യവും അവസാനവും റസൂലുല്ലാഹ്, അല്ലാഹുവിന്റെ ദൂതനായിരുന്നു. അദ്ദേഹം സ്വയം പരിചയപ്പെടുത്തിയതും അവകാശപ്പെട്ടതും വിളിക്കാനാവശ്യപ്പെട്ടതും അങ്ങനെയാണ്. വിശുദ്ധ ഖുർആനിൽ അദ്ദേഹത്തെ സംബോധന ചെയ്യാൻ അല്ലാഹു തെരഞ്ഞെടുത്ത പദവും മറ്റൊന്നായിരുന്നില്ല. എന്നുതന്നെയല്ല, പ്രവാചക ശ്രേഷ്ഠന്മാരായ ആദം, നൂഹ്, ഇബ്റാഹീം, മൂസാ, ഈസാ(അ) തുടങ്ങിയവരെയെല്ലാം അല്ലാഹു പേരെടുത്തു വിളിച്ചിട്ടുള്ളപ്പോൾ, 'ഹേ, നബീ' എന്നോ 'ഹേ, റസൂൽ' എന്നോ മാത്രമേ മുഹമ്മദ്(സ)യെ സംബോധന ചെയ്തിട്ടുപോലുമുള്ളൂ!

'അല്ലാഹുവിന്റെ സ്വഭാവവിശേഷങ്ങൾ നിങ്ങളും സ്വായത്തമാക്കുക'യെന്ന് അനുയായികളോടഭ്യർഥിച്ച അവന്റെ റസൂൽ, ലോകം നാളിതുവരെ കണ്ടിട്ടും കേട്ടിട്ടുമുള്ള സകല സദ്ഗുണങ്ങളും ഒരിടത്ത് ഒരേ വ്യക്തിയിൽ സമ്പൂർണമായും സമ്മേളിച്ചതിന്റെ ഒരേയൊരു മാതൃകയായിരുന്നു. ഏതെങ്കിലും ഒരു വശത്തെ വിശേഷാൽ തെളിയിച്ചുകാട്ടാമെന്ന് വെച്ചാൽപോലും, വാക്കുകളുടെ വക്കുകൾ ഒടിയുകയും ഏത് ഭാഷയിലെയും 'പരമമായ വിശേഷണ പ്രയോഗ

ങ്ങൾ'ക്കു (Superlatives) പ്രസക്തി നഷ്ടപ്പെടുകയും ചെയ്യുമാറ് വിസ്മയജനകമാംവിധം സവിശേഷമാണ് മുഹമ്മദീയ വ്യക്തിത്വം.

മുഹമ്മദ്(സ)യുടെ ബഹുമുഖ ജീവിതത്തിലെ 'വിമോചകൻ' എന്ന മുഖത്തെ പരിചയപ്പെടുത്താനൊരുങ്ങുമ്പോൾ ഈ ദൃശചിന്തകളാണ് മനസ്സിലേക്കിരച്ചുകയറുന്നത്.

## ആരാണ് വിമോചകൻ?

മുഹമ്മദ്(സ) ഒരു 'വിമോചകൻ' ആയിരുന്നുവോ? അങ്ങനെയൊരു മുഖമുണ്ടായിരുന്നുവോ അദ്ദേഹത്തിന്? അഥവാ 'വിമോചകൻ' എന്നത് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലെ ഒരു മുഖം മാത്രമായിരുന്നുവോ? ഈ ചോദ്യങ്ങൾക്കുത്തരം കാണാൻ ആരാണ് വിമോചകൻ, എന്താണ് വിമോചനം എന്ന് നിർവചിക്കുക നിർണായകമാകുന്നു. വാക്കുകൾക്ക് വിവിധ അർഥതലങ്ങളും ധ്വനിവ്യത്യാസങ്ങളും ആഭിമുഖ്യങ്ങളും ഉള്ളത് മാത്രമല്ല അതിന് കാരണം. ഒരു കാക്കത്തൊള്ളായിരം 'വിമോചക'രെയും 'വിമോചന'ങ്ങളെയും കുറിച്ച് നാം കേൾക്കുകയും കാണുകയും ചെയ്തതല്ലേ? 'വനിതാ വിമോചന'വും 'രാഷ്ട്രീയ വിമോചന'വുമൊക്കെ പലതിൽ ചിലതുമാത്രമാണ്. കമ്യൂണിസ്റ്റ് വിരുദ്ധ വലതുപക്ഷ വിമോചന സമരം മുതൽ ഇടതുപക്ഷ വിമോചന ദൈവശാസ്ത്രം വരെയുള്ള പലതരം വിമോചനങ്ങളുമുണ്ട്. സ്പാർക്കട്ടാക്കസ് മുതൽ യാസിർ അറഫാത്ത് വരെയുള്ളവർ വിമോചകരുമാണ്. കേരളീയരായ നമുക്കേറെ പരിചയമുള്ള രണ്ട് വിമോചകരാണ് മഹാത്മജിയും മാർക്സും. ഹിംസയുടെയും അഹിംസയുടെയുമായ രണ്ട് വ്യത്യസ്ത മാർഗങ്ങളിലൂടെ ലോകത്തിന്റെ രണ്ടു ഭാഗത്ത് മനുഷ്യന്റെ മോചനത്തിന് വേണ്ടി ശബ്ദിക്കുകയും ഒട്ടേറെ പ്രതീക്ഷകൾ ഉണർത്തുകയും ചെയ്തവരാണല്ലോ അവർ. എന്നിട്ടെന്തുണ്ടായി? ഇന്ത്യക്കാരന്റെ പ്രായോഗിക ജീവിതത്തിൽ ഗാന്ധിജിക്ക് ഇന്നെന്തുമാത്രം സ്ഥാനവും സ്വാധീനവുമുണ്ടെന്ന് നമുക്കറിയാം. മാർക്സിന്റെ കാര്യവും വ്യത്യസ്തമല്ല. മോസ്കോവിൽ പ്രചാരത്തിലിരിക്കുന്ന ഏറ്റവും പുതിയ രാഷ്ട്രീയ ഫലിതമനുസരിച്ച് ഈയിടെ കഴിഞ്ഞ വിപ്ലവത്തിന്റെ 70-ാം വാർഷികത്തിൽ രണ്ടേരണ്ട് വാക്ക് മാത്രം പറയാനവസരം കിട്ടിയ മാർക്സ് ലോകത്തെങ്ങുനിന്നുമുള്ള ടെലിവിഷൻ കാമറകളെ നോക്കി ഇടറിയ സ്വരത്തിൽ ഇങ്ങനെ പെരിസ്ട്രോയിച്ചുവത്രെ: 'ലോക തൊഴിലാളികളേ, എന്നോടു പൊറുക്കണേ'!

പറഞ്ഞുവരുന്നത്, ലോകം വിമോചകരായി കൊട്ടിഘോഷിക്കുന്നവർക്കൊന്നുംതന്നെ മനുഷ്യന് യഥാർഥത്തിൽ മോചനം നൽകാൻ കഴിഞ്ഞിട്ടില്ല എന്നാണ്. അന്ധകാരങ്ങളിൽനിന്നന്ധകാരങ്ങളിലേക്കും ചങ്ങലകളിൽനിന്ന് ചങ്ങലകളിലേക്കുമായിരുന്നു അവരുടെയൊക്കെ 'മോചനം.' ഇവിടെയാണ് എല്ലാവരുടെയും എല്ലാ കാലത്തേക്കുമുള്ള വിമോചകനായിവന്ന മുഹമ്മദ്(സ) ഉയർന്ന് മാറിനിൽക്കുന്നത്. അതിനാൽത്തന്നെ, സാധാരണാർഥത്തിലുള്ള ഒരു വിമോചകനായിരുന്നില്ലതാനും അദ്ദേഹം. സത്തയിലും മൗലികതയിലും തീർത്തും ഭിന്നമായ ഒരു വിമോചനത്തിനുവേണ്ടിയായിരുന്നു അദ്ദേഹം നിലകൊണ്ടത്. അദ്ദേഹം ലക്ഷ്യംവെച്ചതും ലഭ്യമാക്കിത്തരുവാൻ പ്രയത്നിച്ചതും, മനുഷ്യന്റെ സർവതോമുഖവും സ്ഥലകാലപരിമിതികൾക്കതീതവും ഐഹിക ജീവിതത്തിന്റെ നശ്വര സീമകളെ അതിലംഘിക്കുന്നതുമായ ഒരു വിമോചനവും മോക്ഷവുമായിരുന്നു.

മനുഷ്യന് 'മോചനം' വേണമെന്നും മോചനം വേണ്ടത് മനുഷ്യനാണെന്നും എല്ലാവരും ഏകകണ്ഠമായി അംഗീകരിക്കുമെങ്കിലും മോചനം 'എന്തിൽനിന്ന് എന്തിലേക്ക്' എന്ന് നിർണയിക്കുന്നേടത്ത് ഭിന്നതകൾ നാമ്പെടുക്കുകയും നാവെടുക്കുകയും ചെയ്യുന്നു. 'എന്തിൽനിന്ന്' എന്നതിനുള്ള ഉത്തരത്തിൽ ഒരുവേള യോജിച്ചാൽപോലും, 'എന്തിലേക്ക്' എന്നതിനുള്ള ഉത്തരം പ്രതിജനഭിന്നചിത്രമായി തുടരും: മോചനം മരീചികയായി അവശേഷിക്കുകയും ചെയ്യും. കാരണം, 'എന്തിലേക്ക്' എന്നത് ഒരൊറ്റപ്പെട്ട ചോദ്യമല്ല. ഒരുകൂട്ടം ചോദ്യങ്ങളിലൊന്നുമാത്രമാണ്. മറ്റൊരു ഭാഷയിൽ, എന്താണ് പ്രപഞ്ചം, ആരാണ് മനുഷ്യൻ, എന്തിനാണ് ജീവിതം എന്നീ ചോദ്യങ്ങൾക്ക് മനുഷ്യൻ മൗലികമായി നൽകുന്ന ഉത്തരത്തെ ആശ്രയിച്ചിരിക്കുന്നു, മോചനത്തിന്റെയെന്നല്ല, മനുഷ്യനെക്കുറിച്ച മഹിതമായ എന്തിന്റെയും സാക്ഷാത്കരണം. പ്രസ്തുത ഉത്തരം ലഭ്യമാകുന്നതോടെ മോചനത്തിന്റെയും മോചകന്റെയും നിർവചനവും സ്വയമേവ ലഭ്യമാകും.

വിമോചകരായി വിശേഷിപ്പിക്കപ്പെടുന്ന ഇതരന്മാരുടെ തത്സംബന്ധമായ കാഴ്ചപ്പാടുകളും അവയുടെ പൊരുത്തക്കേടുകളും പരാജയങ്ങളും വിവരിക്കുവാൻ ഇതുപോലൊരു ലേഖനത്തിൽ സാധ്യമല്ല. മനുഷ്യരാശിയുടെ 'യഥാർഥ' വിമോചകനെന്നനിലയിൽ മുഹമ്മദ്(സ) അവതരിപ്പിച്ച വിമോചനത്തിന്റെ പ്രത്യയശാസ്ത്രപരമായ മാനങ്ങളും മാർഗങ്ങളും സാമാന്യമായി സൂചിപ്പിക്കുകയേ ഇവിടെ സംഗതമായിട്ടുള്ളൂ.

## വിമോചനത്തിന്റെ അടിത്തറ

പ്രപഞ്ചവും അതിലെ സകല ചരാചരങ്ങളും സർവജ്ഞനും സർവശക്തനും സർവഗുണസമ്പൂർണനുമായ ഒരു സ്രഷ്ടാവിന്റെ സൃഷ്ടിയാകുന്നു. അതൊരിക്കലും തന്നെ യാദൃശ്ചികമായി സ്വയം ഭൂവായതല്ല. ശൂന്യാകാശയാത്രയും ഉപഗ്രഹ വാർത്താവിനിമയവും നിർവഹിക്കാനും സൂര്യ-ചന്ദ്ര ഗ്രഹണങ്ങളെ മാത്രമല്ല, കൊടുങ്കാറ്റുകളുടെ പോലും പുറപ്പാടും ഗതിവിഗതികളും വേഗതകളും നിർണയിക്കുവാനും മനുഷ്യന് സാധിക്കുമാറ് പ്രപഞ്ചത്തെ സുവ്യവസ്ഥിതവും സുസംഘടിതവും സുഭദ്രവുമായി സംവിധാനിച്ച മനുഷ്യേതരമായ ഒരു മഹാശക്തിയുടെ ആസ്തിക്യത്തെ അതിലെ ഓരോ പ്രതിഭാസവും വിളിച്ചോതുന്നു. സ്വയം ആഗ്രഹിക്കാതെയും ആരോടും ചോദിക്കാതെയും ഭൂമുഖത്തേക്ക് മുഖം കുത്തിവീണ മനുഷ്യന്റെ ജീവൻ നിലനിർത്തുന്നത് ആ ശക്തിയാണ്. ഒരുനാൾ, തനിക്ക് വേണമെങ്കിലും വേണ്ടെങ്കിലും ജീവിതം ഉപേക്ഷിച്ചുപോകാൻ അവനെ നിർബന്ധിതനാ

**സത്തയിലും മൗലികതയിലും തീർത്തും ഭിന്നമായ ഒരു വിമോചനത്തിനുവേണ്ടിയായിരുന്നു അദ്ദേഹം നിലകൊണ്ടത്. അദ്ദേഹം ലക്ഷ്യംവെച്ചതും ലഭ്യമാക്കിത്തരുവാൻ പ്രയത്നിച്ചതും, മനുഷ്യന്റെ സർവതോമുഖവും സ്ഥലകാലപരിമിതികൾക്കതീതവും ഐഹിക ജീവിതത്തിന്റെ നശ്വരസീമകളെ അതിലംഘിക്കുന്നതുമായ ഒരു വിമോചനവും മോക്ഷവുമായിരുന്നു.**

ക്കുന്നതും അതേ ശക്തിതന്നെ. ഹ്രസ്വമായ ജീവിത കാലയളവിൽ ഒരു നിമിഷം പോലും സ്വന്തം പ്രാണനെ സ്വയം പിടിച്ചുനിർത്താൻ ശക്തിയില്ലാത്ത മനുഷ്യന് ജീവിക്കുന്ന കാലമത്രയും പ്രകൃതിശക്തികളെ ആശ്രയിച്ചേ പറ്റൂ. തന്റെ ജീവിതാവലംബമായ പ്രകൃതി വിഭവങ്ങളിലൊന്നും തന്നെ അവന്റെ വരുതിയിൽപെടുന്നതോ, അവൻ സൃഷ്ടിച്ചതോ അവന്റെ കൽപനകൾക്ക് വിധേയമോ അല്ലാതിരുന്നിട്ടും അവന്റെ സേവനത്തിനും പ്രയോജനത്തിനുംവേണ്ടി അവ സദാ കർമനിരതമായിരിക്കുന്നു! എന്നാൽ, എപ്പോളവ അവനെതിരെ തിരിയുന്നുവോ അപ്പോളവൻ അവയെ നേരിടുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നു. അതിനാൽ ഏതൊരു മഹാ ശക്തിയാൽ സൃഷ്ടിക്കപ്പെടുകയും സംവിധാനിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നുവോ ഏതൊരാളുടെ വിഭവങ്ങൾ യഥേഷ്ടം അനുഭവിച്ചുകൊണ്ടിരിക്കുന്നുവോ അതിനോട് നന്ദിയുണ്ടായിരിക്കേണ്ടതല്ലേ മനുഷ്യന്?

പ്രകൃതിശക്തികൾ തനിക്കനുകൂലവും തനിക്കുവേണ്ടി സേവന നിരതവുമായിരിക്കുമ്പോൾ അവയുടെ യജമാനനും അവ പ്രതികൂലമായി തനിക്കെതിരെ തിരിയുമ്പോൾ നിസ്സഹായനായി അവയുടെ അടിമയുമായി മാറുന്ന മനുഷ്യൻ ഇതരജീവജാലങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു തനതു സൃഷ്ടിയാകുന്നു. തനിക്ക് താൻ പോന്നവനാണെന്നഹങ്കരിക്കാൻ മാത്രം ഉന്നതനോ, ഒന്നിനും പോരാത്തവനാണെന്ന് കരുതാൻ മാത്രം അധമനോ അല്ല അവൻ. വിശേഷ ബുദ്ധിയും ഇഛാശക്തിയും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും നൽകപ്പെട്ടിട്ടുണ്ടവന്. അല്ലാഹു തന്റെ ദിവ്യചൈതന്യത്തിൽനിന്നൊരംശം അവനിൽ നിക്ഷേപിക്കുകയും അവന് ജ്ഞാനം നൽകുകയും ചെയ്തിരിക്കുന്നു. അതിനാലവൻ കേവല ജഡമല്ല, ആത്മാവ് കൂടിയാണ്. അവൻ മണ്ണ് മാത്രമല്ല, വിണ്ണുമാണ്. പ്രപഞ്ചത്തിലെ സകലമാന പ്രതിഭാസങ്ങളും സർവഗുണസമ്പൂർണനായ ഒരു സ്രഷ്ടാവിനെ തൊട്ട് കാട്ടിത്തരുമ്പോൾ അവന്റെ മുഖത്ത് നോക്കിപ്പോലും ഉണ്ട് അല്ലെങ്കിൽ ഇല്ല എന്ന് പറയാനുള്ള സ്വാതന്ത്ര്യം കൂടി അവന് നൽകപ്പെട്ടിട്ടുണ്ട്. മനുഷ്യനെ അവന്റെ സ്രഷ്ടാവ് ഇന്നിലക്കൊക്കെ സംവിധാനിച്ചത് അവനെ ഭൂമിയിൽ തന്റെ 'പ്രതിനിധി'

**അസാധാരണവും മറ്റൊരു പ്രത്യയശാസ്ത്രത്തിലും ലഭ്യമല്ലാത്തതുമായ സദ്ഫലങ്ങൾ കാഴ്ചവെക്കുന്നുവെന്നതാണ് മുഹമ്മദ് നബി നയിച്ച വിമോചനസമരത്തിന്റെ സവിശേഷത. മനുഷ്യ സമൂഹത്തിന്റെ സമഗ്രവും സമ്പൂർണവും ശാശ്വതവുമായ മോചനമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതിനാൽതന്നെ, ചരിത്രത്തിലെപ്പോഴെങ്കിലും എവിടെയെങ്കിലും കുറച്ച് കാലത്തേക്ക് കുറേ പേർക്ക് മാത്രമായി, ഒരുവേള സാധിച്ചേക്കാവുന്ന സാമൂഹികമോ സാമ്പത്തികമോ രാഷ്ട്രീയമോ ആയ ഒരു 'മോചന'ത്തെയും ഉദ്ദിഷ്ടവും അഭികാമ്യവുമായ മോചനമായി വിശുദ്ധ ഖുർആൻ കണക്കാക്കുന്നില്ല.**

യായി നിശ്ചയിക്കാൻ വേണ്ടിയാണ്. പ്രപഞ്ചത്തിൽ മനുഷ്യന്റെ സാക്ഷാൽ സ്ഥാനമാണത്. 'ദൈവത്തിന്റെ പ്രതിനിധി' എന്നതല്ലാത്ത മറ്റൊരു നിലപാടുമില്ല അവന്ന്. ആരുടെ പ്രതിനിധിയാണോ അയാളെ അനുസരിക്കുകയെന്നതാണ് പ്രതിനിധിയുടെ ധർമം. പ്രതിനിധിയായി നിശ്ചയിക്കപ്പെട്ട പ്രദേശത്ത് തന്റെ മേലധികാരിയുടെ ഉടമസ്ഥതയിലുള്ള വസ്തുവഹകളിൽ അവൻ ഭരണം നടത്തണം. അതു പക്ഷേ, താനാണ് യജമാനൻ എന്ന നിലക്കോ മറ്റേതെങ്കിലും യജമാനന്റെ കീഴിലാണെന്ന നിലക്കോ ആയിരിക്കരുത്. സ്വന്തം യജമാനന്റെ മുമ്പിൽ സമാധാനം ബോധിപ്പിക്കേണ്ടവനാണവൻ. ദൈവത്തിന്റെ പ്രതിനിധി എന്ന നിലക്ക് പരമോന്നതമായ ഒരു പദവിയാണ് ലോകത്ത് മനുഷ്യന്നുള്ളത്. ലോകത്തിലെ സർവവസ്തുക്കളും അവന്റെ കീഴിലാണല്ലോ. കീഴ്ജീവനക്കാരുടെ മുമ്പിൽ തലകുനിക്കുക അവന്നപമാനകരമാണെങ്കിൽ തന്നെ പ്രതിനിധിയായി നിയമിച്ച യജമാനനായ ദൈവത്തിന്റെ മുന്നിൽ സാഷ്ടാംഗം പ്രണമിക്കുക അവനെ സംബന്ധിച്ചേടത്തോളം അന്തസ്സായിരിക്കേണ്ടതാണ്. എന്നല്ല, അതിനേക്കാൾ വലിയ അന്തസ്സെന്തുണ്ട്! ദൈവിക പ്രാതിനിധ്യത്തിന്റെ പദവി മനുഷ്യരിൽ ഓരോരുത്തർക്കും വ്യക്തിപരമായുള്ളതാണ്. ഓരോ മനുഷ്യനും മറ്റൊരു മനുഷ്യനോട് തുല്യമായതിനാൽ, ഓരോരുത്തരും സ്വന്തം നിലക്ക് തന്നെ പദവിയുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ച് മറുപടി പറയാൻ ബാധ്യസ്ഥനുമാണ്. മരണത്തോടെ പ്രാതിനിധ്യപദവി നഷ്ടപ്പെടുകയും പ്രാതിനിധ്യ കാലത്തെ കർമങ്ങൾ വിലയിരുത്തി തക്കതായ പ്രതിഫലം നൽകപ്പെടുകയും ചെയ്യും.

എന്തിനാണ് ജീവിതം അഥവാ ജീവിതത്തിന്റെ ലക്ഷ്യം എന്ത് എന്ന ചോദ്യത്തിനുള്ള ഉത്തരംകൂടി വ്യംഗ്യന്തരേണ ഇതിനകം പരാമർശിക്കപ്പെട്ടുപോയിരിക്കുന്നു. ഒരു പ്രതിനിധിക്ക് പ്രതിനിധിയെന്ന നിലയിൽ അവൻ ആരുടെ പ്രതിനിധിയാണോ അയാളുടെ പ്രീതിയും ഇഷ്ടവും കരസ്ഥമാക്കുന്നതിൽ കവിഞ്ഞ് മറ്റെന്ത് ലക്ഷ്യമാണുണ്ടാവുക? മനുഷ്യൻ ഭൂമിയിൽ 'ദൈവത്തിന്റെ പ്രതിനിധി'യാകയാൽ അവന്റെ ജീവിതലക്ഷ്യം ദൈവത്തിന്റെ പ്രീതി കരസ്ഥമാക്കലാകുന്നു. അത്യുന്നതമായ ഈ ലക്ഷ്യം ഒരാൾ തെരഞ്ഞെടുക്കുന്നതോടെ, പ്രപഞ്ചസംവിധാനത്തിലെ മുഴുവൻ ഘടകങ്ങളും ആ ലക്ഷ്യത്തിലെത്താൻ അയാളോട് സഹകരിക്കും. ജീവിതം മുഴുവൻ വിശിഷ്ടമായ ആരാധനയായിത്തീരും. ഊണും ഉറക്കവും പോലും സൽക്കർമമായിത്തീരും. ജീവിതത്തിന് കേന്ദ്രീകൃതമായ ഒരു വ്യവസ്ഥാപിതത്വവും ഭദ്രതയും കൈവരും. കോടിക്കണക്കിന് മനുഷ്യർക്ക് അന്യോന്യം യാതൊരു സംഘട്ടനവുമില്ലാതെ, ഒരേസമയം ഓടിയണയാവുന്ന പരമലക്ഷ്യമാകുന്നു ദൈവം എന്നതിനാൽ ഈ വ്യക്തിലക്ഷ്യത്തിന് സാമൂഹിക ലക്ഷ്യം കൂടി ആകാൻ പറ്റുന്നു എന്നൊരു മൗലിക ഗുണമുണ്ട്. ദൈവപ്രീതി ലഭ്യമാകുന്നതോടെ ജീവിതത്തിന്റെ മറ്റ് ഭൗതിക ലക്ഷ്യങ്ങളും അവയെ ലക്ഷ്യമാക്കാതെത്തന്നെ സ്വയം കരഗതമാവുകയും ചെയ്യും. പാദാർഥികവും മാനസികവുമായ സർവമാലിന്യങ്ങളിൽനിന്നും തികച്ചും പരിശുദ്ധമായ ദൈവപ്രീതിയുടെ ലഭ്യതയും അലഭ്യതയും ഗുണദോഷങ്ങളുടെ മാനദണ്ഡമായിത്തീരും. അതോടെ നന്മയുടെയും തിന്മയുടെയും മികച്ച പ്രേരകം കൂടി കൈവരിക്കുകയും ചെയ്യും.

## വിമോചനത്തിന്റെ പൂർണത

പ്രപഞ്ചത്തെയും മനുഷ്യനെയും ജീവിതത്തെയും കുറിച്ച മുഹമ്മദീയമായ

കാഴ്ചപ്പാടിന്റെ ഒരു നഖചിത്രമാണ് മുകളിൽ കൊടുത്തത്. അതൊരു കേവല കാഴ്ചപ്പാട് മാത്രമല്ല. അതിൽനിന്ന് സ്വയമേവ ഉയിരെടുക്കുന്ന സവിശേഷമായ ചില മൂല്യങ്ങളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലുള്ള ഒരു ചിന്താഗതിക്കും മനസ്ഥിതിക്കും ജീവിതരീതിക്കും രൂപംകൊടുക്കുക കൂടി ചെയ്യുന്നുണ്ട്. അതിനെ ഒരു വ്യക്തി ഒറ്റക്കായോ ഒരു സമൂഹം കൂട്ടായോ അംഗീകരിക്കുകയും സ്വാംശീകരിക്കുകയും ചെയ്യുമ്പോൾ ആ വ്യക്തിയുടെ അല്ലെങ്കിൽ സമൂഹത്തിന്റെ ജീവിതത്തിലെ ധാർമിക, രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക, ആത്മീയ മേഖലകളുടെ മുഴുവനും ലക്ഷ്യം നടേപറഞ്ഞ ദൈവപ്രീതി കരസ്ഥമാക്കുക എന്നതായിരിക്കും. അതോടെ പ്രസ്തുത രംഗങ്ങളിലെല്ലാം അവനെ അടക്കിവാണിരുന്ന 'അന്ധകാരങ്ങളിൽനിന്നവൻ മോചിതനാകും' (വിശുദ്ധ ഖുർആൻ 14:1). അതേവരെ 'ഞെരിച്ചുകൊണ്ടിരുന്ന ഭാരങ്ങൾ ഇറക്കിവെക്കപ്പെടും. വരിഞ്ഞുമുറുക്കിയിരുന്ന ചങ്ങലകൾ പൊട്ടിച്ചെറിയപ്പെടുകയും ചെയ്യും' (വിശുദ്ധ ഖുർആൻ 7:157). 'ആകാശ ഭൂമികളുടെ പ്രകാശ'മായ തന്റെ 'നാഥങ്കൽനിന്നുള്ള വെളിച്ചത്തിൽ ചരിക്കുന്നവനായി ത്തീരുമവൻ' (വിശുദ്ധ ഖുർആൻ 39:22). പ്രപഞ്ച സ്രഷ്ടാവിന്റെ പ്രതിനിധിയായതിനാൽ, അവന്റെ വീക്ഷണം വിശ്വത്തോളം വിശാലമായിരിക്കും. അവന്റെ ആത്മാഭിമാനത്തിനും ആത്മവിശ്വാസത്തിനും അതിരുണ്ടാകുകയില്ല. അവൻ നിരാശ്രയനും നിർഭയനുമായിരിക്കും. ദൈവത്തിന്റെ മുന്നിൽ മാത്രമേ തല കുനിയൂ: അവന്റെ നേരെ മാത്രമേ കൈനീളുകയുമുള്ളൂ. അതിനാൽതന്നെ അവന്റെ ആത്മാഭിമാനവും ആത്മവിശ്വാസവും അവനിൽ ഔദ്ധത്യമോ ദുരഹന്തയോ സൃഷ്ടിക്കുകയില്ല. ഭൂമിയിൽ ഇറങ്ങിനടക്കുന്ന വിനയമായിരിക്കുമവൻ. മുഴുവൻ കവാടങ്ങളും തനിക്കുമുമ്പിൽ കൊട്ടിയടയ്ക്കപ്പെട്ടാലും ദൈവസഹായമവനെ കൈയൊഴിയുകയില്ല. അതിനാൽ, അവന്റെ ശുഭാപ്തി വിശ്വാസം ഉച്ഛൃംഖലമായിരിക്കും. ദൈവസ്മരണ ഒന്നുമാത്രം അവന് മനഃശാന്തി നൽകുകയും ഭയദുഃഖങ്ങളെ അകറ്റുകയും ചെയ്യും. അവന്റെ ക്ഷമക്കും സ്ഥൈര്യത്തിനും അമാനുഷികമായ ഒരു മാനം കൈവരും. സ്വജീവനേക്കാളും സമ്പത്തിനേക്കാളും കുടുംബത്തേക്കാളുമൊക്കെ എത്രയോ കൂടുതലായി ദൈവത്തെ സ്നേഹിക്കുന്നതിനാലും ദൈവത്തിന്റെ അനുമതിയില്ലെങ്കിൽ ഒരാൾക്കും തന്റെ ഒരു രോമത്തിനു പോലും പോറലേൽപിക്കാൻ കഴിയുകയില്ലെന്ന് വിശ്വസിക്കുന്നതിനാലും മനുഷ്യന്റെ ധൈര്യവും സ്ഥൈര്യവും അസാമാന്യവും അത്യുജ്ജ്വലവുമായിരിക്കും. ജീവിതത്തിലെ ചെറുതും വലുതുമായ സകല ചലനങ്ങളിലും ദൈവപ്രീതി ലക്ഷ്യമാക്കുന്നതിനാൽ ദുരയുടെയും അസൂയയുടെയും സ്വാർഥതയുടെയും നികൃഷ്ടവികാരങ്ങൾ മനുഷ്യമനസ്സിൽ നിന്ന് പിഴുതെറിയപ്പെടും. ഉള്ളതുകൊണ്ട് തൃപ്തിയടയാനുള്ള വാസനയും സ്വാശ്രയബോധവും അവനിൽ ജന്മംകൊള്ളും. അവന്നാരോടും മാത്സര്യമോ ശത്രുതയോ ഇല്ല; അക്രമത്തിനും അനീതിക്കും തയാറുമല്ല. സർവോപരി, ദൈവവിശ്വാസം വ്യക്തികളിൽ ഉത്തരവാദിത്തബോധം സൃഷ്ടിക്കുന്നു. മനസ്സുകളിൽ വിശുദ്ധിയും കർമങ്ങളിൽ സൂക്ഷ്മതയും സംജാതമാക്കുന്നു. ദൈവിക ജ്ഞാനത്തെയും ദൈവിക ശക്തിയെയും കുറിച്ചുള്ള ബോധം നിയമം അനുസരിക്കാനുള്ള വാഞ്ഛ സൃഷ്ടിക്കുകയും സാത്വികമായ ഒരു സമൂഹമായി മാറാൻ വ്യക്തികളെ സന്നദ്ധരാക്കിത്തീർക്കുകയും ചെയ്യുന്നു.

ഇത്തരത്തിൽ അസാധാരണവും മറ്റൊരു പ്രത്യയശാസ്ത്രത്തിലും ലഭ്യമല്ലാത്തതുമായ സദ്ഫലങ്ങൾ കാഴ്ചവെക്കുന്നുവെന്നതാണ് മുഹമ്മദ് നബി നയിച്ച വിമോചനസമരത്തിന്റെ സവിശേഷത. മനുഷ്യ സമൂഹത്തിന്റെ സമഗ്രവും സമ്പൂർണവും ശാശ്വതവുമായ മോചനമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതിനാൽതന്നെ, ചരിത്രത്തിലെപ്പോഴെങ്കിലും എവിടെയെങ്കിലും കുറച്ച് കാലത്തേക്ക് കുറേ പേർക്ക് മാത്രമായി, ഒരുവേള സാധിച്ചേക്കാവുന്ന സാമൂഹികമോ സാമ്പത്തികമോ രാഷ്ട്രീയമോ ആയ ഒരു 'മോചന'ത്തെയും ഉദ്ദിഷ്ടവും അഭികാമ്യവുമായ മോചനമായി വിശുദ്ധ ഖുർആൻ കണക്കാക്കുന്നില്ല. തങ്ങളെ കഠിനമായി പീഡിപ്പിക്കുകയും തങ്ങളുടെ ആൺമക്കളെ അറുകൊല ചെയ്യുകയും സ്ത്രീകളെ ജീവിക്കാൻ വിടുകയും ചെയ്യുമായിരുന്ന ഫറോവമാരിൽനിന്ന് ഇസ്രാഈൽ വംശത്തെ അല്ലാഹു രക്ഷപെടുത്തിയ ശേഷവും 'നിന്റെ ജനതയെ അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് ആനയിക്കുക' (വിശുദ്ധ ഖുർആൻ 14:5) എന്ന് മൂസാ നബിയോടവൻ ആവശ്യപ്പെടുന്നതിന്റെ രഹസ്യവും അതാണ്. ഒന്നുകൂടി ആഴത്തിലാലോചിച്ചാൽ വിശുദ്ധ ഖുർആന്റെ കാഴ്ചപ്പാടിൽ മനുഷ്യന്റെ യഥാർഥ വിമോചകൻ പ്രവാചകൻ പോലുമല്ല, അല്ലാഹുവാണ്. 'വിശ്വസിച്ച ജനത്തിന്റെ സഹായിയും രക്ഷകനും അല്ലാഹു ആകുന്നു. അവനവരെ അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് നയിക്കുന്നു.' (വിശുദ്ധ ഖുർആൻ 2:257)

## അടിമത്തം ദൈവത്തിന്

മനുഷ്യനെ 'അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് നയിക്കുന്നതിനെ'യാണ് യഥാർഥ വിമോചനം എന്ന് വിളിക്കുന്നതെങ്കിൽ അതേ വിമോചനത്തെത്തന്നെയാണ് ഖുർആൻ 'അല്ലാഹുവിനുള്ള അടിമത്തം അംഗീകരിക്കുക' എന്ന് വിശേഷിപ്പിക്കുന്നതും! 'നാമെല്ലാ സമുദായത്തിനും ദൈവദൂതനെ നിയോഗിച്ചുകൊടുത്തിട്ടുണ്ട്. അദ്ദേഹം മുഖേന എല്ലാവർക്കും ഇപ്രകാരം അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്: അല്ലാഹുവിനുള്ള അടിമത്തം അംഗീകരിക്കുവിൻ; ദൈവേതരശക്തികൾക്കുള്ള അടിമത്തം ഉപേക്ഷിക്കുവിൻ' (വിശുദ്ധ ഖുർആൻ: 16:36). അല്ലാഹുവിനുള്ള അടിമത്തം അംഗീകരിക്കുന്നതോടെ ഒരാൾ മറ്റെല്ലാ അടിമത്തത്തിൽനിന്നും മോചിതനാകുന്നു. പിന്നീടവൻ താനൊരാളുടെയോ തന്നെപ്പോലൊരാളായ ഏതെങ്കിലും ഏകാധിപതികളുടെയോ അല്ലെങ്കിൽ 51 ആളുകളുടെയോ ഇംഗിതത്തിന് വഴങ്ങേണ്ടി വരുന്നില്ല. അതിൽനിന്നെല്ലാമുള്ള ശാശ്വതമായ മോചനവും ദൈവത്താൽമാത്രം നിയന്ത്രിതമായ ഒരു സ്വാതന്ത്ര്യവും അനുഭവിക്കുന്നവനായി മാറുന്നു അയാൾ. മനുഷ്യനൊരിക്കലും സർവതന്ത്ര സ്വതന്ത്രനാവാൻ സാധ്യമല്ല. അവനെത്രകണ്ട് സ്വതന്ത്രനാകുന്നുവോ അത്രകണ്ടവൻ അവന്റെ തന്നെ അടിമയായി മാറുകയാണ് ചെയ്യുന്നത്. സ്വന്തം ദേഹേഛകളും വികാരവിചാരങ്ങളുമാണല്ലോ പിന്നെ അയാളുടെ യജമാനൻ. അയാൾക്ക് കൂട്ടായി അയാൾമാത്രമേയുള്ളുതാനും. അതേയവസരം, അല്ലാഹുവിന്റെ ഇംഗിതത്തിനെതിരാവുമ്പോൾ തന്റെ സ്വന്തം ഇംഗിതങ്ങളിൽനിന്നുകൂടി മോചിതനാകാൻ കഴിയുന്ന, 'എന്നെ തോൽപിച്ച ഞാൻ' എന്നതായിരിക്കും ഒരു ദൈവദാസന്റെ നിലപാട്. അല്ലാഹു കൂട്ടുണ്ടായിരിക്കുകയും ചെയ്യും.

യജമാനന്റെ വലിപ്പമനുസരിച്ച് അല്ലെങ്കിൽ ഏതൊരാൾക്ക് സേവനം ചെയ്യുന്നുവോ അയാളുടെ നിലവാരമനുസരിച്ച് അടിമയുടെയും സേവകന്റെയും കൂടി വിലയും നിലയും കൂടാറുണ്ടല്ലോ.

ഒരാൾ രാജാധിരാജനായ അല്ലാഹുവിന്റെ അടിമയാണാകുന്നതെങ്കിലോ? അതയാളുടെ അന്തസ്സ് കൂട്ടുകയോ കുറക്കുകയോ ചെയ്യുക? അതാണല്ലോ, ഒരു പൊതുസംവാദത്തിന്റെ മധ്യേ, ഖലീഫ ഉമർ, ഖാലിദുബ്നുൽ വലീദിനോട് ഇങ്ങനെ പറഞ്ഞത്:

'ഇസ്‌ലാമുണ്ടായിരുന്നില്ലെങ്കിൽ, ഖാലിദേ, സീസറുടെ ഏതെങ്കിലും ഒരടിമയുടെ അടുത്തേക്ക് പ്രവേശനാനുമതി ലഭിക്കുന്നതുപോലും നമുക്ക് മഹാ അന്തസ്സുണക്കുമായിരുന്നില്ലേ?'

പേർഷ്യൻ ചക്രവർത്തിയുടെ തിരുസന്നിധിയിലേക്ക് പേർഷ്യൻ നിലവാരത്തിൽ 'പ്രാകൃതനായ ഒരറബി' രിബ്ഇയ്യുബ്നു ആമിർ(റ)വിന് 'പ്രോട്ടോക്കോളുകൾ' പാലിക്കാതെയും, ആരെയും അശേഷം കൂസാതെയും കടന്നുചെന്ന് ഇങ്ങനെ പറയാൻ കരുത്തേകിയതും അല്ലാഹുവിനുള്ള അടിമത്തത്തെക്കുറിച്ച തീവ്രബോധമായിരുന്നു:

"അല്ലാഹു നിയോഗിച്ചയച്ചതാണ് ഞങ്ങളെ – അവനുദ്ദേശിച്ചവരെ, അടിമകൾക്കുള്ള അടിമത്തത്തിൽനിന്ന് അല്ലാഹുവിനുള്ള അടിമത്തത്തിലേക്കും ഇഹലോകത്തിന്റെ കുടുസ്സിൽനിന്ന് അതിന്റെ വിശാലതയിലേക്കും മതങ്ങളുടെ അതിക്രമത്തിൽനിന്ന് ഇസ്‌ലാമിന്റെ നീതിയിലേക്കും ഞങ്ങൾ മോചിപ്പിക്കുവാൻ വേണ്ടി......"

അതുകേട്ട്, 'അതിനേക്കാൾ ആണത്തമുള്ള വാക്കുകൾ നിങ്ങൾ വേറെ കേട്ടിട്ടുണ്ടോ' എന്ന് സാക്ഷാൽ റുസ്തം പോലും ചോദിച്ചുപോകുന്നുണ്ട്! രിബ്ഇയ്യുബ്നു ആമിർ(റ) അവകാശപ്പെട്ട ഇസ്‌ലാമിന്റെ നീതിക്ക് ഒരു പേർഷ്യൻ പടത്തലവൻ തന്നെ, ഹുർമുസാൻ, സാക്ഷ്യംവഹിക്കുന്നതുകൂടി കാണുക. അയാൾ മദീനയിൽ വന്നപ്പോൾ ഒരു മഹാസാമ്രാജ്യത്തിന്റെ ഭരണാധികാരിയായ ഹസ്രത്ത് ഉമർ(റ) ഉണ്ട് പുറത്ത് പള്ളിയുടെ തണൽപറ്റി സുഖമായി കിടന്നുറങ്ങുന്നു. ഒരു പുതപ്പ് ചുരുട്ടി തലയിണയായി വെച്ചിട്ടേയുള്ളൂ! ഹുർമുസാൻ അറിയാതെ പറഞ്ഞുപോയി:

'അദിൽത ഫ അമിൻത ഫ നിംത'! 'താങ്കൾ നീതി നടപ്പാക്കി; അതിനാൽ നിർഭയനായി; അപ്പോൾ നിദ്ര ലഭിക്കുകയും ചെയ്തു!'

ഖാലിദുബ്നുൽ വലീദ് കണ്ട സ്വപ്നവും രിബ്ഇയ്യുബ്നു ആമിർ പറഞ്ഞത് തന്നെയായിരുന്നു. 'വരണ്ടതും ഇടുങ്ങിയതുമായ ഒരിടത്തുനിന്ന് സസ്യശ്യാമളമായ ഒരു വിശാല ദേശത്തേക്കുള്ള യാത്ര.' ഇസ്‌ലാം ആശ്ലേഷിക്കുന്നതിനുവേണ്ടി മക്കയിൽനിന്ന് മദീനയിലേക്ക് പുറപ്പെടുന്നതിന്റെ തലേന്ന് രാത്രി കണ്ട ആ കിനാവിനെക്കുറിച്ച് അവിടെ ച്ചെന്നദ്ദേഹം അബൂബക്കറിനോട് ആരാഞ്ഞു. (സ്വപ്നങ്ങൾ വ്യാഖ്യാനിക്കുമായിരുന്നു അദ്ദേഹം) 'ഇസ്‌ലാമിലേക്കുള്ള താങ്കളുടെ ഈ യാത്രതന്നെ. ബഹുദൈവവിശ്വാസത്തിന്റെ കുടുസ്സിലായിരുന്നല്ലോ താങ്കൾ' – അബൂബക്കർ വ്യാഖ്യാനിച്ചു. ഖാലിദിന്റെ ആ സ്വപ്നം സാക്ഷാത്കൃതമാകുന്നതാണ് പിന്നീട് മാനവചരിത്രം അത്ഭുതത്തോടെ നോക്കിനിന്നത്.

അല്ലാഹുവിനെ രക്ഷകനായും (46:13) മുഹമ്മദ് നബിയെ നായകനായും (33:21) വിശുദ്ധ ഖുർആനെ വിമോചനരേഖയായും (14:1) ധർമസമരത്തെ കർമമാർഗമായും (4:75) ദൈവിക മാർഗത്തിലെ മരണത്തെ ഏറ്റവും വലിയ മധുരാഭിലാഷമായും (3:169) കൊണ്ടുനടന്നിരുന്ന സാർവലൗകികവും സാർവകാലികവുമായ ഒരു വിമോചനപ്രസ്ഥാനത്തെ പരീക്ഷണങ്ങളുടെ തീച്ചൂളയിലിട്ട് വളർത്തിയെടുക്കുകയും സംഭവലോകത്ത് സമ്പൂർണമായി വിജയിപ്പിച്ച് കാണിച്ചുതരികയും ചെയ്ത മഹാനായിരുന്നു മുഹമ്മദ് (സ)!

അദ്ദേഹം ബീജാവാപം ചെയ്ത് വളർത്തിയെടുത്ത ആ ആദർശ വിപ്ലവസമൂഹം കാലാന്തരത്തിൽ അതല്ലാത്ത മറ്റെല്ലാമായിക്കഴിഞ്ഞിട്ടുപോലും അവർ മുഴക്കുന്ന 'തക്ബീർ' ധ്വനികൾക്ക് (അല്ലാഹുവാണ് ഏറ്റവും വലിയവനെന്ന മുദ്രാവാക്യത്തിന്) ഇപ്പോഴും, അമേരിക്കൻ തമ്പുരാക്കന്മാരെ തെഹ്റാനിലെ തെരുവീഥികളിൽ തറപറ്റിക്കുവാനും മോസ്കോവിലെ മാടമ്പിമാരെ അഫ്ഗാൻ മലയിടുക്കുകളിൽ മുട്ടുമടക്കിക്കുവാനും കഴിയുന്നുണ്ട് എന്നത് എത്ര അത്ഭുതകരമല്ല! ഏറ്റവും ഒടുവിൽ ഇസ്രാഈലിന്റെ ജൂതമുഷ്ക്കിനെയും ഇരുമ്പുമുഷ്ടിയെയും കല്ലെറിഞ്ഞു തോൽപിക്കുന്ന 'അറബിപ്പിള്ളാരെ' 'അബാബീൽ പക്ഷികളാ'ക്കി മാറ്റുന്നതും പ്രസ്തുത മുദ്രാവാക്യമല്ലാതെ മറ്റൊന്നുമല്ലല്ലോ!

ഇസ്‌ലാമൊരു വിമോചന പ്രത്യയശാസ്ത്രമെന്ന നിലക്ക് ഇന്നെവിടെയും അതിന്റെ സാമൂഹിക ലക്ഷ്യം സാക്ഷാത്ക്കരിച്ചു കാണുന്നില്ലെങ്കിൽ അതിന്റെ കാരണങ്ങൾ അതിന്റേതല്ലാത്ത വേറെ പലതുമാണ്. എന്നാലും അതിന്റെ വൈയക്തിക ലക്ഷ്യം അതെത്ര അത്ഭുതകരമായാണ് സാക്ഷാത്ക്കരിച്ചുകൊണ്ടിരിക്കുന്നത്! മുസ്‌ലിം ലോകത്തെ കോടിക്കണക്കിനാളുകളിൽ ഇന്നും അതിന്റെ തേജസ്സ് ഒളിമിന്നിക്കൊണ്ടിരിക്കുന്നത് കാണാം. ഐഹിക ജീവിതത്തെ ഒരു പരീക്ഷണവേദിയായി കാണുകയും അനുഗ്രഹങ്ങളുടെയും ആപത്തുക്കളുടെയും നേരെ നന്ദിയോടും ക്ഷമയോടും കൂടി പ്രതികരിക്കുകയും ചെയ്യുന്നു അവർ. മരണം പോലും വളരെ കാലത്തെ വിപ്രവാസത്തിനു ശേഷം സ്വന്തം വീട്ടിലേക്കുള്ള തിരിച്ചുപോക്കാണവർക്ക്. അവരനുഭവിക്കുന്ന ആനന്ദം അവർണനീയമാണെങ്കിലും ചില നേരങ്ങളിൽ ചില മനുഷ്യർ അതിന്നാവിഷ്കാരം നൽകിയിട്ടുള്ളത് കാണുക:

'നാം അനുഭവിക്കുന്ന ആനന്ദം രാജാക്കന്മാരെങ്ങാനുമറിഞ്ഞിരുന്നുവെങ്കിൽ നമ്മോടത് കവരാനായി അവർ വാളെടുത്ത് വരുമായിരുന്നു.'

– സൂഫി വര്യനായ ഇബ്റാഹീം
മുബ്നു അദ്ഹം

'നിങ്ങളാലത് സാധ്യമല്ല. ഭക്ഷണവും വസ്ത്രവും ആഭരണവും മുടക്കാനേ നിങ്ങൾക്ക് കഴിയൂ. എന്റെ കണ്ണീരും കൺകുളിർമയുമൊക്കെ എന്റെ ഈമാനിലാണ്. എന്റെ ഈമാൻ എന്റെ ഹൃദയത്തിലും. അല്ലാഹുവിനല്ലാതെ ആർക്കും അവിടെയൊരധികാരവുമില്ല!' –'നിന്നെ കണ്ണീരു കുടിപ്പിക്കുമെടീ' എന്ന് ഭീഷണിപ്പെടുത്തിയ ഭർത്താവിനോട് ഭാര്യ.

'ശത്രുക്കൾ എന്നെ എന്തു ചെയ്യാനാണ്? എന്റെ സ്വർഗവും പൂങ്കാവനവുമൊക്കെ എന്റെ നെഞ്ചിനകത്താണ്. അതെന്നെ വേർപിരിയുകയില്ലൊരിക്കലും. എന്നെക്കൊന്നാൽ രക്തസാക്ഷിത്വമായിരിക്കും; നാടു കടത്തിയാൽ അതൊരു വിനോദ സഞ്ചാരമായിരിക്കും; തടവിലിട്ടാൽ അല്ലാഹുവോടൊപ്പം ഒഴിഞ്ഞിരിക്കാൻ കിട്ടുന്ന അസുലഭാവസരമായിരിക്കും.'

– വിപ്ലവകാരിയായിരുന്ന ഇബ്നു
തൈമിയ്യഃ

'എന്റെ ദാസന്മാരെ'യെന്ന നിന്റെ വിളിയിൽ ഞാനുൾപ്പെട്ടതും എനിക്കുവേണ്ടി മുഹമ്മദ് നബിയെ നീ പ്രവാചകനായി അയച്ചതും എന്റെ അന്തസ്സും ആത്മാഭിമാനവും അധികരിപ്പിച്ചിരിക്കുന്നു: എന്റെ ഉള്ളംകാൽ കൊണ്ട് ഞാനിന്ന് ധ്രുവനക്ഷത്രത്തിന്മേൽ ചവിട്ടി നിൽക്കാറായിരിക്കുന്നു.'

– പണ്ഡിതനായ ഖാദി ഇയാദ്.